**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2254** **11-10-2021 - ൽ മറുപടിയ്ക്ക്**

**ലക്ഷം വീട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. പി. ടി. തോമസ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലക്ഷം വീട് പദ്ധതി നടപ്പിലാക്കി അൻപത് വർഷം പിന്നിട്ട സാഹചര്യത്തിൽ ആയതിലെ ഭൂരിഭാഗം വീടുകളും ജീർണ്ണിച്ച് വാസയോഗ്യമല്ലാതായി തീർന്നിട്ടുണ്ട് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ലക്ഷംവീട് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള വീടുകളിൽ പലതും കാലപ്പഴക്കം കാരണം കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള ഭവനങ്ങളിൽ വാസയോഗ്യമല്ലാത്ത ഇരട്ടവീടുകൾ ഒറ്റവീടുകളാക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 06.01.2021 തീയതിയിലെ സ.ഉ.(സാധാ) 36/2021-തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ടി വിഷയത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ഇതിന്റെ ഗുണഭോക്താക്കൾ ഭൂരിഭാഗവും ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ലക്ഷം വീട് പദ്ധതി പ്രകാരമുള്ള വീടുകളുടെയും കോളനികളുടെയും കുടിവെള്ളം, വൈദ്യുതി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള നവീകരണത്തിന് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാമോ; | (ബി) | ലക്ഷം വീട് കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകൾ സംയുക്തമായി ന്യൂ ലൈഫ് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി മാതൃകയിൽ കോളനികളിലെ കുടിവെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള നവീകരണത്തിന് സംസ്ഥാനതലത്തിൽ പദ്ധതി ആവിഷ്കരിക്കുന്നത് സർക്കാരിന്റെ സാമ്പത്തികസ്ഥിതിക്ക് വിധേയമായി പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പുനരുദ്ധാരണ പാക്കേജ് നിലവിലെ നവ കേരള മിഷൻ, റീ ബിൽഡ് കേരള തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ കഴിയുമോയെന്നത് പരിശോധിച്ച് മറുപടി നൽകാമോ? | (സി) | പ്രസ്തുത പുനരുദ്ധാരണ പാക്കേജ് പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളൊന്നും നവകേരള മിഷൻ റീബിൽഡ് കേരള തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട് പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ